LIBRARY ARCHIVES Kerala Legislative Assembly

ന്യൂനതകളുണ്ടെങ്കിൽത്തന്നെ അത് ബോർഡിന്റെ പ്രവൃത്തികളും നടപടികളും അസാധുവാക്കുന്നതല്ല എന്ന് വ്യക്തമായി ബില്ലിന്റെ ഏഴാം ഖണ്ഡത്തിൽ പറഞ്ഞിട്ടുണ്ട്. റിക്രൂട്ട്മെന്റ് ബോർഡിലെ അംഗങ്ങളുടെ നിയമനത്തിൽ ഭരണഘടനാ വ്യവസ്ഥകളുടെ ലംഘനമുണ്ടായിട്ടുണ്ടെന്ന് പറയുന്നത് ശരിയല്ല. ഈ വിഷയം സബ്ജക്ട് കമ്മിറ്റിയിൽ വന്നപ്പോൾ ഈ ബിൽ പരിഗണിച്ച സമയത്ത് ഈ പ്രശ്നം വിശദമായി ചർച്ച ചെയ്യുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിലാണ് ആ വേളയിൽ ഉയർന്നുവന്ന അഭിപ്രായങ്ങൾകൂടി ഉൾക്കൊണ്ടുകൊണ്ട് പട്ടികജാതി/ പട്ടികവർഗ്ഗ/ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരാളെക്കൂടി ഉൾപ്പെടുത്തി ബോർഡിലെ അംഗങ്ങളുടെ എണ്ണം ആറാക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. ആ പ്രൊപ്പോസലാണ് സഭയുടെ മുന്നിൽ വന്നിട്ടുള്ളത്. പ്രസ്തുത വ്യവസ്ഥയുൾപ്പെടെ എല്ലാ വ്യവസ്ഥകൾക്കും 1-3-2014 മുതൽ മുൻകാല പ്രാബല്യമുള്ളതാണ്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

മി. സ്പീക്കർ : ശ്രീ. വി. എസ്. സുനിൽ കുമാർ ഉന്നയിച്ച ക്രമപ്രശ്നത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കിക്കഴിഞ്ഞു. പ്രസ്തുത ഓർഡിനൻസിലെ ഏഴാം വകുപ്പനുസരിച്ച് ബോർഡ് രൂപീകരണത്തിൽ എന്തെങ്കിലും ന്യൂനതയോ മെമ്പർമാരുടെ ഒഴിവോ ഉണ്ടെന്ന കാരണത്താൽ മാത്രം അതിന്റെ പ്രവൃത്തിയും നടപടിയും അസാധുവാകുന്നില്ല എന്നുണ്ട്. ഇക്കാരണത്താലും ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിലും ശ്രീ. വി. എസ്. സുനിൽ കുമാർ ഉന്നയിച്ച ക്രമപ്രശ്നം നിലനില്ക്കുന്നതല്ല.

ശ്രീ. വി. എസ്. സുനിൽകുമാർ : സർ, അങ്ങയുടെ റൂളിംഗ് അംഗീകരിക്കുന്നു. ഇത് ക്രമപ്രകാരമല്ലെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

മി. സ്പീക്കർ : ശ്രീ. വി. എസ്. സുനിൽ കുമാർ, ഈ ഓർഡിനൻസ് 19-ാം തീയതി ലാപ്സായിക്കഴിഞ്ഞു. ഇന്ന് ഇവിടെ ബിൽ കൊണ്ടുവരികയാണ്. എന്ത് മാറ്റം വേണമെങ്കിലും ഇവിടെവച്ച് വരുത്താവുന്നതാണ്.

4. ചട്ടം 300 പ്രകാരമുള്ള പ്രസ്താവന ക്രമപ്രകാരമല്ല

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട ഉറമുഖ വകുപ്പുമന്ത്രി ഇന്നലെ ചട്ടം 300 പ്രകാരം എന്റെ മണ്ഡലമായ പൊന്നാനിയിൽവരുന്ന ഒരു ഉറമുഖവുമായി ബന്ധപ്പെട്ട് വിശദമായ ഒരു പ്രസ്താവന നടത്തുകയും 1000 കോടി രൂപയുടെ പദ്ധതിയെ സംബന്ധിച്ച് സഭയെ അറിയിക്കുകയും ചെയ്ത നടപടിയെ ഞാൻ സ്വാഗതം ചെയ്യുകയും അദ്ദേഹത്തെ അഭിനന്ദിക്കുകയും ചെയ്യുന്നു. പക്ഷേ വസ്തുതാപരമായ

ചില പിശകുകൾ അതിൽ വന്നിട്ടുണ്ട്. അതുകൂടി സഭയുടെ ഭാഗമായി മാറുന്ന ഈ രേഖയിൽ വരുന്നതാണ് ഉചിതമെന്നതുകൊണ്ട് ഇന്നലത്തെ പ്രസ്താവന ക്രമപ്രകാരമല്ല എന്ന് ഞാൻ പറയുകയാണ്. പദ്ധതിയുടെ ആസൂത്രണം, സ്വിസ് ചാലഞ്ച് പദ്ധതി പ്രകാരം അതിൽ തീരുമാനമെടുത്തത്, ടെണ്ടറിലൂടെ ബന്ധപ്പെട്ട കമ്പനിയെ തെരഞ്ഞെടുത്തത്, ഡി.പി.ആർ. തയ്യാറാക്കിയത്, അതിന് ഉത്തരവ് നൽകിയത് തുടങ്ങിയവയെല്ലാം മുൻസർക്കാരിന്റെ കാലത്തായിരുന്നു. ഉദാഹരണത്തിന് ജി.ഒ. (എംഎസ്.)40/2008.എഫ്.എൻ.പി.ഡി. തീയതി 4-7-2008 പ്രകാരം മലബാർ പോർട്ടിനെ ഡി.പി.ആർ. ഉണ്ടാക്കുന്നതിന് ചുമതലപ്പെടുത്തി. ജി.ഒ. (എംഎസ്.)13/2010 തീയതി, 16-3-2010 പ്രകാരം മലബാർ പോർട്ട് നൽകിയ ഡി.പി.ആർ. അംഗീകരിച്ച് ഉത്തരവായി. ഈ ഡി.പി.ആർ-ന്റെ അനുബന്ധമായിട്ടാണ് പിന്നീട് 2011 ഒക്ടോബർ മാസത്തിൽ കൺസൂക്ഷൻ എഗ്രിമെന്റ് അംഗീകരിച്ച് ഒപ്പുവയ്ക്കുന്നത്. എന്നാൽ ഇവിടെ നടത്തിയ പ്രസ്താവനയിൽ കൺസൂക്ഷൻ എഗ്രിമെന്റ് അംഗീകരിച്ച് ഒപ്പുവച്ചതിനെക്കുറിച്ച് മാത്രമാണ് പ്രതിപാദിച്ചിട്ടുള്ളത്. അങ്ങനെയൊരു പ്രസ്താവന സഭയിൽ വയ്ക്കുമ്പോൾ ആ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും സഭയെയും അതുവഴി പൊതുജനങ്ങളെയും അറിയിക്കേണ്ടബാധ്യത ഗവൺമെന്റിനുള്ളതുകൊണ്ട് അത് നിർവ്വഹിക്കാത്തതിനാൽ ചട്ടം 300 പ്രകാരമുള്ള പ്രസ്താവന ക്രമപ്രകാരമല്ല എന്ന് ഞാൻ സഭയെ അറിയിക്കുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, അതിൽ ഒരു ദുരുദ്ദേശവും ഉണ്ടായിരുന്നില്ല. ചട്ടം 300 അനുസരിച്ച് എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തി പ്രസ്താവന നടത്തുന്ന പതിവുമില്ല. ആ പ്രസ്താവനയുടെ അവസാനം ബഹുമാനപ്പെട്ട എം.എൽ.എ-യ്ക്ക് നന്ദി രേഖപ്പെടുത്തിക്കൊണ്ടാണ് അത് കൺക്ലൂഡ് ചെയ്തത്. ദുരുദ്ദേശമില്ല എന്നതിന്റെ ഏറ്റവും വലിയ തെളിവാണത്. അങ്ങനെ തെറ്റിദ്ധാരണയുണ്ടെങ്കിൽ ദയവായി അങ്ങ് അതുമാറ്റണം. ഒരു പി.പി.പി. ടെണ്ടറായിരുന്നു നിങ്ങളുടെ കാലത്ത് വിളിച്ചത്. അത് പറയണ്ട എന്ന് വിചാരിച്ചതാണ്.

മി. സ്പീക്കർ : 29-3-2015-ൽ ബഹുമാനപ്പെട്ട മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ചട്ടം 300 അനുസരിച്ച് നടത്തിയ പ്രസ്താവനയിലെ ചില കാര്യങ്ങൾ വസ്തുതാപരമല്ലെന്നാണ് ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഉന്നയിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം നിലനില്ക്കുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly